ജോലി കിട്ടുന്നതോടെ കലാപ്രവർത്തനങ്ങൾ നിറുത്തുന്നവരാണ് നമ്മളിൽ പലരും. എന്നാൽ ജോലി കിട്ടിയതിനുശേഷം മാത്രം കലയിലേക്ക് ചുവടുവെക്കുന്നവർ ചുരുക്കമായിരിക്കും. ഇവിടൊരാൾ ചുവടുവച്ചെന്നു മാത്രമല്ല, പത്രത്തിൽ വാർത്തയാവുകയും ബാങ്കിന്റെ സ്ഥാപകദിനത്തിന് റീജിയണൽ ഓഫീസിൽ ചെന്ന് ആദരവേറ്റുവാങ്ങുകയും വരെ ചെയ്തു.

ജീവിതത്തിൽ ചുവടുവെക്കാനാവില്ലെങ്കിലും ചിത്രകലയിൽ ഓരോചുവടുകളും സദൃഢം വച്ചു മുന്നേറുന്ന ആ വ്യക്തിയെയാണ് ഈ ദളത്തിൽ നാം പരിചയപ്പെടുന്നത്.

വിഷ്ണു പി എ
ബാങ്ക് ഓഫ് ബറോഡ
പെരുമ്പാവൂർ ശാഖ

എറണാകുളം ജില്ലയിലെ പെരുമ്പാവൂരിനടുത്തുള്ള വളയൻചിറങ്ങരയാണ് അശോകൻ- ശോഭ ദമ്പതികളുടെ മകനായ വിഷ്ണുവിന്റെ സ്വദേശം.

വളയൻചിറങ്ങര മന്നം വിദ്യാഭവനിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടു വരെ വിഷ്ണു പഠിച്ചത് വളയൻചിറങ്ങര ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു.

വളരെ ചെറുപ്പം മുതൽ തന്നെ പടം വരയോട് അഭിനിവേശമുണ്ടായിരുന്ന വിഷ്ണു മത്സരങ്ങളിൽ പങ്കെടുക്കാൻ തുടങ്ങിയത് അഞ്ചാം ക്ലാസ് മുതൽക്കായിരുന്നു.

വരയ്ക്കുന്നവരാരും വീട്ടിലില്ലായിരുന്നെങ്കിലും വരയോടുള്ള വിഷ്ണുവിന്റെ താൽപര്യത്തിന് അമ്മ അകമഴിഞ്ഞു പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

വരയ്ക്കാനുള്ള മനസും താൽപര്യവും ആത്മവിശ്വാസവും കൂടെത്തന്നെയുണ്ടായിരുന്നതുകൊണ്ട് സ്കൂൾ കാലങ്ങളിൽ സമ്മാനമൊന്നും ലഭിക്കാതിരുന്നത് വിഷ്ണുവിനെ തെല്ലും നിരാശപ്പെടുത്തിയില്ല. സമ്മാനമല്ല ആത്മാവിഷ്കാരത്തിന്റെ ആനന്ദമാണ് താനേറെ വിലമതിച്ചിരുന്നതെന്ന് വിഷ്ണു ഓർത്തെടുക്കുന്നു.

പ്ലസ്ടു പൂർത്തിയാക്കിയതിനുശേഷം വിഷ്ണു ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ കംപ്യൂട്ടർ സയൻസ് ഐച്ഛികവിഷയമായെടുത്ത് ബിരുദപഠനത്തിനു ചേർന്നു. അക്കാലത്തും ഒഴിവുസമയങ്ങളിൽ ചിത്രരചനയിലേർപ്പെടുന്നത് വിഷ്ണു തുടർന്നു.

ഒരു നല്ല ജോലി നേടുക എന്ന എല്ലാ ചെറുപ്പക്കാരുടേയും സ്വപ്നങ്ങൾ പോലെ, ബിരുദപഠനം പൂർത്തിയാക്കിയതിനു ശേഷം വിഷ്ണുവും തൊഴിൽ അന്വേഷകനായി. ചെന്നുചേർന്നത് കൊല്ലത്തെ ബാങ്ക് കോച്ചിംഗ് കേന്ദ്രത്തിലാണ്.

കോച്ചിംഗിനു ചേർന്ന് കേവലം മൂന്നാലു മാസങ്ങൾക്കുള്ളിൽ തന്നെ വിഷ്ണു ടെസ്റ്റ് എഴുതി. ജോലിയും ലഭിച്ചു.

ബാങ്ക് ഓഫ് ബറോഡ പെരുമ്പാവൂർ ശാഖയിൽ ക്ലറിക്കൽ തസ്തികയിലായിരുന്നു നിയമനം. 2014 മേയ് 15 ന് അങ്ങനെ വിഷ്ണു തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചു.

ജോലി കിട്ടിയതിനൊപ്പം മറ്റൊരു ലോട്ടറി കൂടി തനിക്കടിച്ചതായി വിഷ്ണു പറയുകയുണ്ടായി. ബാങ്കിലെ സഹപ്രവർത്തകയായിരുന്ന ആതിരച്ചേച്ചിയായിരുന്നു ആ ‘ലോട്ടറി’. ഒരു ചിത്രകാരിയായിരുന്ന ആതിര നിറക്കൂട്ടുകളെക്കുറിച്ചും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട ബ്രഷുകളെക്കുറിച്ചുമെല്ലാം വിശദമായിത്തന്നെ വിഷ്ണുവിന് പറഞ്ഞുകൊടുത്തു.

ചിത്രകലയിൽ ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചിട്ടില്ലാത്ത വിഷ്ണുവിന് സ്വർഗം കിട്ടിയതു പോലായിരുന്നു ആതിരയുടെ ‘ക്ലാസുകൾ’.

ആതിരച്ചേച്ചി പകർന്നുകൊടുത്ത അറിവുകൾ ചിത്രകലയിൽ പരീക്ഷണങ്ങൾക്കു മുതിരാൻ വിഷ്ണുവിനെ പ്രാപ്തനാക്കി.

അങ്ങനെ സ്വച്ഛമെന്നു പറയാവുന്ന വിധത്തിൽ മുന്നോട്ടുപോവുമ്പോഴാണ് 2019 ൽ ഒരു വീഴ്ച വിഷ്ണുവിന്റെ ജീവിതത്തെ ചക്രക്കസേരയിലെത്തിക്കുന്നത്. മോട്ടോർ ന്യൂറോൺ ഡിസീസ് (എംഎൻഡി) എന്ന, പേശികളെ നിയന്ത്രിക്കുന്ന ന്യൂറോണുകളെ ബാധിക്കുന്ന ഒരു രോഗബാധിതനായിരുന്നു വിഷ്ണു. ചെറുപ്പത്തിൽ വലിയ പ്രയാസങ്ങളുണ്ടായിരുന്നില്ലെങ്കിലും വളരും തോറും നടക്കാനും മറ്റും പ്രയാസമായിത്തുടങ്ങിയിരുന്നു.

എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ വരെ ക്രിക്കറ്റ് കളിച്ചിരുന്നുവെങ്കിലും രോഗം ശരീരത്തെയാകെ ബാധിക്കാൻ തുടങ്ങിയതോടെ കായികവിനോദങ്ങളിൽ നിന്ന് വിട്ടുനിൽക്കേണ്ടിവന്നു. കോളേജിൽ പഠിക്കുമ്പോഴും ബാങ്ക് കോച്ചിങ്ങിനു പോയപ്പോഴും ബാങ്കിൽ ജോലിക്കു ചേർന്നപ്പോഴുമെല്ലാം നടക്കാനും എഴുന്നേൽക്കാനുമെല്ലാം ആരുടെയെങ്കിലും സഹായം ആവശ്യമായി വന്നിരുന്നു. എങ്കിലും പിടിച്ചെങ്കിലും നടക്കാമായിരുന്നു.

ആ സൗകര്യമാണ് വീണ് ഒടിവുപറ്റിയതിനെ തുടർന്ന് വിഷ്ണുവിന് ഇല്ലാതായത്. അങ്ങനെ 2019 മുതൽ വിഷ്ണു മുഴുവൻ സമയവും വീൽചെയർ ഉപയോഗിക്കാൻ തുടങ്ങി.

വീൽചെയർ ഓടിച്ചു കയറ്റാവുന്ന വിധത്തിൽ കാറിൽ സജ്ജീകരണങ്ങൾ വരുത്തി. ബാങ്കാവട്ടെ, റാംപ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ബ്രാഞ്ചിൽ ഏർപ്പാടാക്കി വിഷ്ണുവിന് പൂർണപിന്തുണ നൽകി.

ചക്രക്കസേരയിലായപ്പോൾ, തളച്ചിടപ്പെട്ടു എന്നല്ല മറിച്ച് പുതിയൊരു ലോകം

ലഭിച്ചു എന്നാണു തനിക്കനുഭപ്പെട്ടതെന്ന് വിഷ്ണു സാക്ഷ്യപ്പെടുത്തുന്നു.

അക്രലിക്ക്, വാട്ടർ കളർ തുടങ്ങിയ മാധ്യമങ്ങളും പേനയും പെൻസിലുമെല്ലാം ഉപയോഗിച്ചു വരച്ച 250 ലധികം ചിത്രങ്ങൾ വിഷ്ണുവിന്റെ ശേഖരത്തിലുണ്ട്.

വരച്ചുകൂട്ടുന്ന ചിത്രങ്ങൾ ഫ്രെയിം ചെയ്യിച്ചാലോ എന്നൊരാശയം ഇതിനിടെ വിഷ്ണുവിനുണ്ടായി. അങ്ങനെ പെരുമ്പാവൂരിലെ ഒരു കടയിൽ കൊടുത്ത് ചിത്രങ്ങൾ ഫ്രെയിം ചെയ്യിപ്പിക്കാൻ തുടങ്ങി. ചിത്രങ്ങൾ നശിക്കാതിരിക്കാനാണ് വിഷ്ണു ഫ്രെയിം ചെയ്യിപ്പിച്ചത്.

ഫ്രെയിം ചെയ്യിക്കുന്ന കടയിൽ നിന്നാണ് അങ്കമാലി അഡ്ലക്സ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചിത്രകലാ പ്രദർശനത്തെക്കുറിച്ച് വിഷ്ണു അറിയുന്നത്. വിഷ്ണു അതിൽ പങ്കെടുക്കണമെന്ന് കടക്കാർ നിർബന്ധിച്ചു. തുടർന്ന് മനസില്ലാമനസോടെ തന്റെ ചിത്രങ്ങളുമായി വിഷ്ണു പ്രദർശനത്തിൽ പങ്കെടുത്തു.

വിഷ്ണുവിനെ അതിശയിപ്പിക്കുന്ന പ്രതികരണമാണ് പ്രദർശനത്തിനെത്തിയ കാണികളിൽ നിന്നു ലഭിച്ചത്. ചുമ്മാ കാണുക മാത്രമല്ല, വിഷ്ണുവിന്റെ അനേകം ചിത്രങ്ങൾ അന്നു വിറ്റുപോവുകയും ചെയ്തു. കേരളം കടന്ന് അങ്ങ് ബാംഗ്ളൂരിലും വിഷ്ണുവിന്റെ ചിത്രങ്ങളെത്തി.

പിറ്റേന്നത്തെ മലയാള മനോരമ വിഷ്ണുവിനെക്കുറിച്ച് ഒരു സചിത്രഫീച്ചർ പ്രസിദ്ധീകരിച്ചു. ജനയുഗം പത്രവും ഫീച്ചർ പ്രസിദ്ധീകരിച്ചതോടെ, സഹപ്രവർത്തകരിലും സുഹൃത്തുക്കളിലും മാത്രം ഒതുങ്ങി നിന്നിരുന്ന വിഷ്ണുവിന്റെ കഴിവ് ലോകം അറിഞ്ഞുതുടങ്ങി.

സ്ഥാപകദിനത്തോടനുബന്ധിച്ച് ബാങ്ക് ഓഫ് ബറോഡയുടെ എറണാകുളം റീജിയണൽ ഓഫീസിൽ വച്ചുനടത്തിയ ചടങ്ങിൽ ബാങ്കും വിഷ്ണുവിനെ ആദരിക്കുകയുണ്ടായി. പൊന്നാടയും പ്രശസ്തിപത്രവും ഫലകവും സമ്മാനിച്ചാണ് ബാങ്ക് വിഷ്ണുവിനെ ആദരിച്ചത്.

വരയ്ക്കുക മാത്രമല്ല, താൻ വരയ്ക്കുന്നതിന്റെ വീഡിയോ യൂടൂബ് വഴി പങ്കുവെക്കുകയും ചെയ്യുന്നുണ്ട് വിഷ്ണു. https://www.youtube.com/shorts/AjIz0PIpjRc എന്ന ലിങ്ക് ക്ലിക്ക് ചെയ്താൽ വിഷ്ണു വരയ്ക്കുന്നതിന്റെ വീഡിയോ കാണാം.

ചിത്രകലയുടെ കൂടുതൽ മേഖലകൾ പരീക്ഷിക്കുക എന്നതിനൊപ്പം പെൻഡന്റ്, കീചെയിൻ എന്നിവ നിർമിക്കുന്നതിൽ പ്രാവീണ്യവും നേടുക എന്നതാണ് വിഷ്ണുവിന്റെ അടുത്ത ലക്ഷ്യം.

അഭിമുഖീകരിക്കേണ്ടി വന്ന പ്രയാസങ്ങളെ നിശ്ചയദാർഢ്യത്തോടെ നേരിട്ടുകൊണ്ടാണ് ഈ ചെറുപ്പക്കാരൻ ജീവിതത്തിൽ മുന്നേറിയത്. ചിത്രകലയും മറ്റുമായി ബന്ധപ്പെട്ട വിഷ്ണുവിന്റെ സ്വപ്നങ്ങൾ സഫലമാവട്ടെ

എന്ന് ടിബി കുടുംബം ഹൃദയപൂർവം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അമിത് കുമാർ, ഫെഡറൽ ബാങ്ക്, ഹെഡ്ഓഫീസ്, ആലുവ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

-----------------------------------------------------------------------------------------------

Indolence engulfs the artistic pursuance of many of us once we secure a job, however, let us put our spotlight this week on some one who not only stepped into the realm of arts but also made headlines in newspapers and earned accolades at Regional Office on the Foundation Day of the Bank.

Vishnu P. A,
Bank of Baroda
Perumbavoor branch

Though life's steps still remain untrodden, he adroitly makes each and every move while drawing. Vishnu, was born to Mr Ashokan and Mrs Shobha at Valayanchirangara near Perumbavoor in Ernakulam. He had his primary school education at Mannam Vidyabhavan in Valayanchirangara. He studied from fifth standard till Plus two at Higher Secondary School, Valayanchirangara.

From his formative years itself , he was fervent about drawing and started participating in drawing competitions since fifth grade.

Though no artists graced his family’s side, his mother stood as a loving guide for him.

Since Vishnu always had the passion and perseverance to draw, not receiving any prizes during his school days never dimmed his focus .He always found contentment in the opportunities he got for expressing himself.

After finishing Plus Two, Vishnu enrolled in Sree Shankara Vidyapeethom College to pursue Computer Science. Even then he kept his passion for drawing alive, finding spare time to bring his artistic visions to life.

Vishnu set out on the path to fulfil his dream of securing a job, after completing his degree. His journey led him to a bank coaching institute in Kollam, where he began preparing for the next big step in his career.

Within just three or four months of joining the coaching,he managed to secure his first job as clerk at Bank of Baroda, Perumbavoor branch. Vishnu began his banking career on May 15,2014.

Vishnu reflects that, in addition to securing a job, he was fortunate to have Ms. Athira, a colleague at the bank, as his mentor. As a painter herself, Athira took time to explain color palettes and the different brushes needed for different purposes. For Vishnu, who had never received mentorship in

art , Athira’s guidance felt like a true blessing.
The knowledge Athira imparted gave Vishnu the courage to dive into new artistic experiments.

As Vishnu steadily advanced in life, a sudden turn in 2019 brought his life to a halt. A fall led him to a wheelchair, as he was diagnosed with Motor Neuron Disease (MND), a condition that affects the neurons controlling the muscles. While his youth was largely free of major difficulties, as time passed, walking and other movements became increasingly challenging.

Though Vishnu played cricket until eighth grade, as the disease began to take its toll on his body, he had to back away from sports. Whether in college, attending bank coaching classes, or after starting his job at the bank, he always needed someone's help to stand or walk. Yet, with determination, he still managed to keep walking, holding on to his strength. However from 2019 onwards he began using a wheelchair full-time.

To accommodate his needs, adjustments were made in his car to allow easy access with the wheelchair. The bank too offered complete support, installing ramps and other necessary facilities at the branch, ensuring Vishnu had all the help he needed.

When Vishnu took to the wheelchair, he discovered not a confinement but a new world of possibilities. He felt it more like a gateway to a fresh, vibrant world.

His collection now boasts over 250 paintings, created with acrylics, water colours, and a variety of pens and pencils. Inspired by the idea of preserving these works, Vishnu began framing them at a local shop in Perumbavoor. The frames were not merely for decoration but to safeguard his art from the ravages of time.

It was at the framing shop that Vishnu first heard about an art exhibition at the Adlux Convention Centre in Angamaly. The shopkeepers insisted his participation and though initially hesitant, Vishnu eventually took part in the exhibition.

The response from the visitors was beyond his wildest dreams. Not only did people come to see his work, but many of his paintings were sold that very day. His art journeyed beyond Kerala, reaching Bangalore, and capturing many hearts.

The following day, Malayalam Manorama and Janayugam newspaper published a feature on Vishnu. This broader exposure made Vishnu’s talents once confined to a close circle of colleagues and friends, gain wider recognition.

To mark the foundation day, a special ceremony was held at the Bank of Baroda's Ernakulam Regional Office, where Vishnu was honoured. The bank presented him with a shawl, a certificate of appreciation and a plaque in recognition to his talent.

Vishnu also shares his endeavoours through videos on YouTube. One of his attempts may be viewed through the following link.

https://www.youtube.com/shorts/AjIz0PIpjRc.

Looking ahead, Vishnu aspires to delve into new realms of art and to refine his skills in crafting

pendants and keychain.
Confronting his challenges with resolute determination, Vishnu has made remarkable strides in his life. The TB family extends heartfelt wishes for the continued success of Vishnu's artistic dreams and ambitions.